# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ .എസ്.എ/എ.എൽ.പി.ബി.പി./431/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 07/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) ആലപ്പുഴ
3)ഓഫീസ് കോപ്പി

നമ്പർ: കെ .എസ്.എ/എ.എൽ.പി.ബി.പി./431/22 തീയ്യതി: 07/07/2022

## ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 30-07-2019 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ. ജി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-04-2022 | 19-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-04-2022 | 19-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അഡ്വ. ഷീന സനൽകുമാർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.കെ.ഡി.മഹീന്ദ്രൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. രജിത്.ആർ | സെക്രട്ടറി | 01-04-2020 | 08-02-2021 |
| ശ്രീ. രാഹുൽ ആർ.കൃഷ്ണൻ | സെക്രട്ടറി | 09-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അശോകൻ.ടി.എം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 02-07-2020 |
| ശ്രീ.സുരേഷ് എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 03-07-2020 | 13-01-2021 |
| ശ്രീമതി.റീന .ഒ.ടി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 14-01-2021 | 31-03-2021 |
| ശ്രീമതി.റെനി സെബാസ്റ്റ്യൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 18-01-2021 |
| ശ്രീ.വിഷ്ണു.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 19-01-2021 | 14-02-2021 |
| ശ്രീ. രാജേഷ് വി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 11-09-2020 |
| ശ്രീ. ബിനേഷ് കെ | പട്ടികജാതി വികസന ഓഫീസർ | 12-09-2020 | 31-03-2021 |
| ഡോ.ജയന്തി.സി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി മുഹമ്മ | 01-04-2020 | 31-03-2021 |
| ഡോ.രേഖ റേച്ചൽ ഫിലിപ്പ് | മെഡിക്കൽ ഓഫീസർ ,ആർ..എച്ച്.ടി.സി ചെട്ടികാട് | 01-04-2020 | 01-02-2021 |
| ഡോ.രമ്യ.ജി | മെഡിക്കൽ ഓഫീസർ ,ആർ..എച്ച്.ടി.സി ചെട്ടികാട് | 02-02-2021 | 31-03-2021 |
| ശ്രീമതി. സുസ്മിത.എൽ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 04-06-2020 |
| ശ്രീമതി.സിനിമോൾ പി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 05-06-2020 | 10-06-2020 |
| ശ്രീമതി.സുനിത പി | ഡയറി എക്സ്റ്റെൻഷൻ | 11-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി.സഫീന കെ.എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 22-04-2020 |
| ശ്രീമതി.ആനി മാത്യൂ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 23-04-2020 | 16-06-2020 |
| | | 12-02-2021 | 15-02-2021 |
| ശ്രീമതി.രജനി പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 17-06-2020 | 30-10-2020 |
| ശ്രീ.ജഗന്നാഥ് ബി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-11-2020 | 10-11-2020 |
| | | 28-01-2021 | 11-02-2021 |
| ശ്രീ.ബിജു തോമസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 11-11-2020 | 27-01-2021 |
| ശ്രീമതി.ജൂലി ലൂക്ക് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 16-02-2021 | 31-03-2021 |
| ശ്രീമതി. സിബിമോൾ ടി.എസ് | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-10-2020 |
| ശ്രീ.ദിലീപ് കുമാർ | വ്യവസായ വികസന ഓഫീസർ | 01-11-2020 | 31-12-2020 |
| ശ്രീമതി.ബിന്ദു.വി.എൻ | വ്യവസായ വികസന ഓഫീസർ | 01-01-2021 | 31-03-2021 |
| ശ്രീമതി.ഗാഥ വേണുഗോപാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 15-02-2021 | 31-03-2021 |
| ശ്രീമതി.ലിഷ സേവ്യർ | സി.ഡി.പി.ഓ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 15-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 1-1 |
| 2 | ബജറ്റ് അവലോകനം<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Sreedevi.R (Senior Grade Auditor, On 15-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക -അപാകതകൾ<br>Written By: Sreedevi.R (Senior Grade Auditor, On 19-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 06-07-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sreedevi.R (Senior Grade Auditor, On 15-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-04-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം)<br>Written By: Sreedevi.R (Senior Grade Auditor, On 15-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 15-04-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 15-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sreedevi.R (Senior Grade Auditor, On 17-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 18-04-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Sreedevi.R (Senior Grade Auditor, On 17-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-04-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Teenu Tom (Auditor, On 17-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 1-9 |
| 12 | രസീത് ക്യാൻസലേഷൻ - അപാകതകൾ<br>Written By: Teenu Tom (Auditor, On 19-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 06-07-2022) | 1-10 |
| 13 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Teenu Tom (Auditor, On 19-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 06-07-2022) | 1-11 |
| 14 | ഡെപ്പോസിറ്റുകൾ- വിശദാംശം ലഭ്യമല്ല<br>Written By: Sreedevi.R (Senior Grade Auditor, On 19-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 06-07-2022) | 1-12 |
| 15 | ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ വാടക ഈടാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 1-13 |
| 16 | പി.എം.എ.വൈ .ഭവനനിർമ്മാണം മന്ദഗതിയിൽ<br>Written By: Sreedevi.R (Senior Grade Auditor, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 1-14 |
| 17 | സംയുക്തപ്രോജക്കുകൾക്കായി ലഭിച്ച തുക നിഷ്ക്രിയ നിക്ഷേപമായി തുടരുന്നു<br>Written By: Sreedevi.R (Senior Grade Auditor, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 1-15 |

| | | |
|---|---|---|
| 18 | മരുന്ന് പൂർണ്ണമായും ലഭ്യമായില്ല<br>Written By: Preetha (Auditor, On 19-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-07-2022) | 1-16 |
| 19 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 39752/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sreedevi.R (Senior Grade Auditor, On 18-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-07-2022) | 1-17 |
| 20 | ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ സബ്സിഡി തുക ലഭിച്ചില്ല<br>Written By: Sreedevi.R (Senior Grade Auditor, On 18-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 1-18 |
| 21 | എസ്.ടി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അർഹതാരേഖ ഹാജരാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 18-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 1-19 |
| 22 | പരസ്യചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 1-20 |
| 23 | സമുദ്ര ഉൾനാടൻ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പും പഠനോപകരണങ്ങളും- ലാപ്ടോപ്പുകൾക്ക് അധിക വില നൽകി<br>Written By: Sreedevi.R (Senior Grade Auditor, On 19-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-07-2022) | 1-21 |
| 24 | ചെലവ് രേഖകൾ ഹാജരാക്കിയില്ല- 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sreedevi.R (Senior Grade Auditor, On 19-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-07-2022) | 1-22 |
| 25 | ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം-രേഖകൾ ഹാജരാക്കിയില്ല<br>Written By: Preetha (Auditor, On 19-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-07-2022) | 1-23 |
| 26 | എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-07-2022) | 1-24 |
| 27 | കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-07-2022) | 1-25 |
| 28 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 1-26 |
| 29 | ഡി.സി.മിൽസ് വില്ലേജ് ഓഫീസ് റോഡ് കാന നിർമ്മാണം-അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-07-2022) | 1-27 |
| | **ഭാഗം 2** | |
| 1 | ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ വാടക ഈടാക്കിയില്ല<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 2-1 |
| | **ഭാഗം 3** | |
| 1 | പരസ്യചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 3-1 |
| 2 | കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-07-2022) | 3-2 |
| 3 | ഡി.സി.മിൽസ് വില്ലേജ് ഓഫീസ് റോഡ് കാന നിർമ്മാണം-അപാകതകൾ | 3-3 |

| | | |
|---|---|---|
| | Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreedevi.R (Senior Grade Auditor, On 15-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sreedevi.R (Senior Grade Auditor, On 15-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sreedevi.R (Senior Grade Auditor, On 15-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 15-04-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sreedevi.R (Senior Grade Auditor, On 15-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 15-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sreedevi.R (Senior Grade Auditor, On 15-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 15-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sreedevi.R (Senior Grade Auditor, On 15-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 15-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sreedevi.R (Senior Grade Auditor, On 15-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-06-2022) | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Sreedevi.R (Senior Grade Auditor, On 15-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 15-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 15-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sreedevi.R (Senior Grade Auditor, On 15-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-07-2022) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 17.03.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 22.2.2021ലെ 1/1-ാം നമ്പർ തീരുമാനപ്രകരാം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 6,74,65,289 | 7,36,26,204 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 5,34,56,899 | 4,72,17,828 |

## 1-1-1 ബജറ്റ് അവലോകനം

2020-21 വർഷത്തെ ബജറ്റ് 17.03.2020 ൽ പാസാക്കിയിട്ടുണ്ട്. 22.2.2021 ലെ 1/1-ാം നമ്പർ തീരുമാനപ്രകരാം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല.

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായും രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

3.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ ബജറ്റ് 2019ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല. മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (3/13.04.2022) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്യിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതും ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 09. 07. 2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

## 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകതകൾ

2020-21 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിശദാംശം ചുവടെചേർക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും 2020-21 വർഷം ഈ ഇനത്തിൽ വരവില്ല. എന്നാൽ കുടിശിക B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ബാലൻസ് ഷീറ്റ് B-15 പ്രകാരം വാടകയിനത്തിൽ 8400/-രൂപ മാത്രമാണ് കുടിശികയുള്ളത്. ഇത് 2019-20 വർഷത്തെ അരിയർ തുകയാണ്. കൂടാതെ വാടക രജിസ്റ്റർ ഡി.സി.ബി.തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. അഡ്വാൻസ് പരിശോധിക്കാനാവശ്യമായ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഡെപ്പോസിറ്റുകളുടെ വിവരം ഇനം തിരിച്ച് സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. B-7 ൽ ഉൾപ്പെടുത്തിയിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ ഏതൊക്കെ വർഷങ്ങളിലേതാണെന്ന് ഇനം തിരിച്ച് തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ്. കൂടാതെ B-18 ൽ Advance To Implementing Officers എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ള 148,183/- രൂപയുടെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

3. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുക ലയബിലിറ്റിയായി ഇപ്പോഴും അവശേഷിക്കുന്നത് എന്തുകൊണ്ടെന്ന് വിശദീകരികരിച്ചിട്ടില്ല.

| ഇനം | തുക |
|---|---|
| Contributions For Joint Venture Projects (For Revenue Expenditure) - From Village Panchayats | 4534502 |
| Contributions For Other Specific Purposes (For Revenue Expenditure)- From Village Panchayats | 1813247 |

| | |
|---|---|
| Contributions For Other Specific Purposes (For Revenue Expenditure)- From District Panchayats | 332745 |
| Other Grants, Funds & Contributions For Specific Purposes - Capital | 8582469 |
| Recoveries Payable- COVID | 64231 |

4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Beneficiary Contribution ഇനത്തിൽ 334100 /-രൂപ നിലനിൽക്കുന്നു. തുക ഏതൊക്കെ പ്രോജക്ടുകൾക്കുവേണ്ടി സമാഹരിച്ചതാണ്, എത്ര വീതം തുകയുണ്ട് എന്നീ വിവരങ്ങൾ അറിയിക്കേണ്ടതാണ്. പ്രോജക്ട് നടപ്പാക്കാൻ കഴിയാത്തപക്ഷം ഗുണഭോക്താക്കൾക്ക് തുക തിരികെ നൽകേണ്ടതാണ്.

5. Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats ഇനത്തിൽ 2528926/- രൂപ മൈനസായി നിലനിൽക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

6. B-11 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള ആസ്തി വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ/രേഖകൾ ലഭ്യമാക്കേണ്ടതാണ്.

7. കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011 ചട്ടം 62 ൽ വ്യവസ്ഥ ചെയ്തിട്ടുള്ള റിപ്പോർട്ടുകൾ വാർഷികകണക്കിൽ നിലവിൽ ഉൾപ്പെടുന്നില്ല. ഉദാഹരണമായി, അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല.

ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/11.4.22) മറുപടി ലഭിച്ചില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7360293 |
| വരവ് | 55855299 |
| ആകെ | 63215592 |
| ചെലവ് | 56750546 |
| നീക്കിയിരിപ്പ് | 6465046 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4816 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1080010 |

## 1-4 ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 28630462 | 28630462 | 25156035 | 3474427 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7143692 | 7143692 | 6367226 | 776466 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 518207 | 518207 | 471000 | 47207 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10760000 | 10760000 | 9708755 | 1051245 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 87 | 71369064 | 69 | 49439570 | 9 | 9 | 79.31 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.04.2022-ന് 3.15pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. നടപ്പിലാക്കിയ പദ്ധതികളുടെ വിജയകരമായ പൂർത്തീകരണം സംബന്ധിച്ച് വിശദമായ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിക്കുന്നില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റും തയ്യാറാക്കി ഫയലിൽ സൂക്ഷിക്കുന്നില്ല.
2. വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് എഴുതി സൂക്ഷിക്കേണ്ടുന്ന റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിച്ചിട്ടില്ല.

3. രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും എത്ര രസീതു ബുക്കുകൾ വാങ്ങിയിട്ടുണ്ടെന്നോ അവ ആർക്കൊക്കെ വിതരണം ചെയ്തിട്ടുണ്ടെന്നതോ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽ യാതൊരു രേഖകളുമില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്ത വിവരം എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ യഥാസമയം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

5. മുൻകൂർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തന്മൂലം നാളിതുവരെ മുൻകൂർ നൽകിയിട്ടുള്ള മുൻകൂറുകൾ യഥാസമയം ക്രമീകരിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല.

6. വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

7. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് പ്രത്യേകം അറ്റന്റൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. കമ്മറ്റി നോട്ടീസ് ബുക്കിൽ തന്നെയാണ് അറ്റന്റൻസ് രേഖപ്പെടുത്തുന്നത്.

8. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

9. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

10. ബജറ്റ് മാനുവലിൽ പ്രതിപാദിച്ചിട്ടുള്ള വിധം ബജറ്റിന്റെ പ്രതിമാസ/വാർഷിക അവലോകനം നടത്തപ്പെടുന്നില്ല. ബജറ്റിൽ തുക വകയിരുത്തുന്ന ഹെഡ്ഡുകളിലല്ലാതെ ചെലവ് ചെയ്യുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 രസീത് ക്യാൻസലേഷൻ - അപാകതകൾ

2020-21 സാമ്പത്തിക വർഷം 11 രസീതുകൾ ക്യാൻസൽ ചെയ്തതായാണ് ക്യാൻസൽഡ് രസീത് റിപ്പോർട്ടിൽ കാണിച്ചിരിക്കുന്നത്. എന്നാൽ 26 സാംഖ്യ രസീതുകൾ സാക്ഷ്യപ്പെടുത്തുകയോ മിക്കതിലും കാരണം പോലും രേഖപ്പെടുത്തുകയോ ചെയ്യാതെ ക്യാൻസൽ ചെയ്തിരിക്കുന്നു. ക്യാൻസൽ പോലും ചെയ്യാത്ത സാംഖ്യ രസീതുകളും ഇതോടൊപ്പം സൂക്ഷിച്ചിരിക്കുന്നു (ഉദാ:- രസീത് നം- 758769, 758862). രസീതുകളുടെ ക്യാൻസലേഷൻ മതിയായ അനുമതിയോടെ ആകേണ്ടതും, രസീതുകളിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഉണ്ടാകേണ്ടതുമാണ്.

## 1-11 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള ട്രഷറി കോഡിലെ ആർട്ടിക്കിൾ 90(ബി) നോട്ട് 2 പ്രകാരം രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രസീതു ബുക്ക് ഉപയോഗിക്കുവാൻ തുടങ്ങിയ തീയതി, ഉപയോഗം പൂർത്തീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. മാനുവൽ രസീതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാനാവശ്യപ്പെട്ട് എൻക്വയറി നം. 1/08.04.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മാനുവൽ രസീതുകളുടെ കൃത്യമായ സ്റ്റോക്ക്, വിതരണം ചെയ്ത രസീതുബുക്കുകളുടെ എണ്ണം എന്നിവയുടെ കൃത്യത പരിശോധിക്കാനായില്ല.

## 1-12 ഡെപ്പോസിറ്റുകൾ- വിശദാംശം ലഭ്യമല്ല

ഡെപ്പോസിറ്റ് തുകകൾ ഇനം തിരിച്ച് ഓരോ വർഷവും എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഏതൊക്കെ ഇനത്തിൽ എത്ര തുകയാണ് ബാക്കിനിൽക്കുന്നത് എന്ന് വ്യക്തമല്ല.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | Contractors' Earnest Money Deposit | 30990 |
| 2 | Suppliers' Earnest Money Deposit3 | 152275 |
| 3 | Bidders' Earnest Money Deposit | 22930 |

| | | |
|---|---|---|
| 4 | Contractors' Security Deposit | 10800 |
| 5 | Suppliers' Security Deposit | 119515 |
| 6 | Bidders' Security Deposit | 9000 |
| 7 | Contractors' Retention | 102391 |
| 8 | Suppliers' Retention | 37582 |
| 9 | Other Deposits | 28000 |
| 10 | Auction Deposit | 1625 |
| 11 | Election Deposit(Candidate) | 37000 |
| | Total | 552108 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 56 ബി അനുസരിച്ച് മൂന്ന വർഷത്തിലേറെയായി കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടണമെന്നാണ് വ്യവസ്ഥ. മേൽ സൂചിപ്പിച്ച ഓരോ ഇനത്തിന്റെയും വിവരങ്ങൾ പരിശോധിച്ച് ഇതിൽ മൂന്ന് വർഷത്തിലധികമായ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ഈ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ വാടക ഈടാക്കിയില്ല

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ Rural Self Employment Training Institutes (RSETI)നടത്തുന്നതിന് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ (ബിൽഡിംഗ് നം.XXII/575 & XXII/572) എസ്.ബി.റ്റി. യ്ക്ക് വാടകയ്ക്ക് നല്കിയിട്ടുണ്ട്. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ആലപ്പുഴ RSETI, എസ്.ബി.റ്റി ഡയറക്ടറും ചേർന്ന് 08.02.2010 ൽ ഏർപ്പെട്ട കരാർ പ്രകാരം പ്രതിമാസം 3500/-രൂപ നിരക്കിൽ വാടക നിശ്ചയിച്ചിട്ടുള്ളതാണ്. കരാർ ഖണ്ഡിക നം. 2 പ്രകാരം, ടി കെട്ടിടങ്ങളുടെ വാടക കരാർ 5 വർഷം പൂർത്തിയാകുന്നതിന് 3 മാസം മുമ്പ് (09.11.2014 ന്) 20% വർദ്ധനവ് വരുത്തി പുതുക്കേണ്ടതാണ്. 12.08.2015 ലെ 02-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 08.02.2015 മുതൽ 08.01.2016 വരെ 11 മാസത്തേയ്ക്ക് 4200/- രൂപ വാടക പുതുക്കി നിശ്ചയിച്ചതായും വാടക കെട്ടിടത്തിലെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ്, അറ്റകുറ്റപണി എന്നിവ സ്ഥാപനം വഹിക്കണമെന്നും തീരുമാനിച്ചതായി കാണുന്നു.

എസ്.ബി.റ്റി യുടെ 07.11.2017-ലെ SBT RSETI/ALP/63-ാം നമ്പർ കത്ത് പ്രകാരം 08.02.2015 മുതൽ വാടക കരാർ 5 വർഷത്തേയ്ക്ക് പുതുക്കി നൽകണമെന്നും 08.02.2015 മുതൽ വർദ്ധനവ് പ്രകാരമുള്ള വാടക കുടിശ്ശിക അടയ്ക്കാമെന്നും സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ 07.02.2020 വരെ കെട്ടിടങ്ങളുടെ കരാർ കാലാവധി മുൻകാല പ്രാബല്യത്തോടെ പുതുക്കുന്നതിനും 08.02.15 മുതൽ വാടക ഒരു വർഷത്തേക്ക് 4200/- രൂപയും തുടർന്നുള്ള വർഷങ്ങളിൽ 10% കൂട്ടിയുള്ള തുക വർദ്ധിപ്പിച്ച് നൽകേണ്ടതാണെന്നും 17.11.17 ലെ ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച വിവരം SBT യെ അറിയിച്ചിട്ടുള്ളതാണെങ്കിലും സ്ഥാപനം വാർഷിക വർദ്ധനവ് പ്രകാരമുള്ള തുക നൽകുന്നതിന് ബുദ്ധിമുട്ട് അറിയിച്ചതിനെ തുടർന്ന് 04.06.2018-ലെ 3-ാം നമ്പർ തീരുമാനം പ്രകാരം 08.02.2015 മുതൽ പ്രതിമാസം 7000/- രൂപ വാടക ഇനത്തിൽ നൽകേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനത്തിനനുസൃതമായി സ്ഥാപനം കുടിശ്ശിക തുക നൽകിയിട്ടില്ല.

RSETI ഡയറക്ടറും ആര്യാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായുള്ള 08.02.2020 ലെ കരാർ പ്രകാരം 08.02.2015 മുതൽ 07.02.2020 വരെയുള്ള 5 വർഷ കാലയളവിലേക്ക് പ്രതിമാസം 20% വർദ്ധനവിൽ 4200/- രൂപ ആക്കി നിശ്ചയിച്ചും കരാർ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് 01/20 വരെയുള്ള വാടക ലഭിച്ചിട്ടുണ്ട്. 07.07.2020ലെ 2(3) തീരുമാനം കരാർ കാലാവധി 08.02.2020 ൽ അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ മറ്റ് കരാർ വ്യവസ്ഥകൾക്ക് മാറ്റമില്ലാതെ പ്രതിമാസം 7000/-രൂപ നിരക്കിൽ വാടക പുനർ നിശ്ചയിച്ച് തീരുമാനിച്ചു. കുടിശ്ശിക ഉൾപ്പടെ പുതുക്കിയ നിരക്കിലുള്ള വടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശിച്ച് തീരുമാനിച്ചിരുന്നെങ്കിലും നാളിതുവരെ കുടിശിക ലഭിച്ചിട്ടില്ല.

08.02.2020 മുതൽ നാളിതുവരെയുള്ള കുടിശിക അടയ്ക്കുന്നതിനും കരാർ പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുനന്തിനും RSETI ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നല്ലാതെ (08.11.2021ലെ ഇ1542/19 നം.കത്ത്) തുടർ നടപടിയൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

2019-20 വർഷത്തെ വാർഷിക കണക്കിൽ B-15 ൽ 8200/- രൂപ വാടക കുടിശിക ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2020-21 വർഷം വാടക ലഭിക്കാതിരുന്നിട്ടും തൻവർഷത്തെ കുടിശിക B-15 ൽ ഉൾപ്പെടുത്താതെ മുൻവർഷം ലഭിക്കാനുണ്ടായിരുന്ന 8200/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നാളിതുവരെയുള്ള വാടക കുടിശ്ശിക കണക്കാക്കി പിഴ പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 പി.എം.എ.വൈ .ഭവനനിർമ്മാണം മന്ദഗതിയിൽ

പി.എം.എ.വൈ ഭവന നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ 2016-17 വർഷം നിലവിലുണ്ടായിരുന്ന ലിസ്റ്റിലുള്ള 71 ഗുണഭോക്താക്കളിൽ 62 പേർ ഭവന നിർമ്മാണം പൂർത്തിയാക്കി. ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ളവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | ഗ്രാമപഞ്ചായത്ത് | എഗ്രിമെന്റ് തീയതി | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | അജിത സന്തോഷ് കുമാർ | മുഹമ്മ ഗ്രാമപഞ്ചായത്ത് | 12.10.2020 | 376000 | മേൽക്കൂരനിർമ്മാണം പൂർത്തിയാക്കി മിനുക്കുപണി ചെയ്തിട്ടില്ല |
| 2 | മഞ്ജു ജനീഷ് | | 30.09.2020 | 376000 | ഭിത്തിമട്ടംവരെ പൂർത്തിയാക്കി |

| | | | | | |
|---|---|---|---|---|---|
| 3 | ബാലാമണി | | 30.09.2020 | 376000 | മേൽക്കൂരനിർമ്മാണം പൂർത്തിയാക്കി മിനക്കുപണി ചെയ്തിട്ടില്ല |
| 4 | രാധാമണി | | 08.10.2020 | 146000 | അടിത്തറ നിർമ്മാണം പൂർത്തിയാക്കി |
| 5 | ലീല | | 26.07.2021 | 376000 | മേൽക്കൂരനിർമ്മാണം പൂർത്തിയാക്കി മിനക്കുപണി ചെയ്തിട്ടില്ല |
| 6 | സന്ധ്യാദേവി | മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് | 03.03.2022 | 48000 | അടിത്തറ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടി |
| 7 | അന്നമ്മ | | 01.07.2021 | 216000 | ഭിത്തിമട്ടംവരെ പൂർത്തിയാക്കി |
| 8 | രത്നമ്മ | മണ്ണഞ്ചേരി | 21.06.2021 | 194000 | ഭിത്തിമട്ടംവരെ പൂർത്തിയാക്കി |
| 9 | ജിജോജയറാം | | 15.01.2021 | 376000 | മേൽക്കൂരനിർമ്മാണം പൂർത്തിയാക്കി മിനക്കുപണി ചെയ്തിട്ടില്ല |

2016-17 വർഷത്തെ ഗുണഭോക്താക്കൾക്ക് ഓഡിറ്റ് വർഷത്തിൽ പോലും ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്ന വിധത്തിൽ ധനസഹായം ലഭ്യമാക്കാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിയുന്നില്ല എന്ന് വ്യക്തമാകുന്നു. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-15 സംയുക്തപ്രോജക്ടുകൾക്കായി ലഭിച്ച തുക നിഷ്ക്രിയ നിക്ഷേപമായി തുടരുന്നു

സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുക വർഷങ്ങളായി ബാലൻസ് ഷീറ്റ് B-4 ഷഡ്യൂളിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Contributions For Joint Venture Projects (For Revenue Expenditure) - From Village Panchayats | 4534502 |
| Contributions For Other Specific Purposes (For Revenue Expenditure)- From Village Panchayats | 1813247 |
| Contributions For Other Specific Purposes (For Revenue Expenditure)- From District Panchayats | 332745 |
| Other Grants, Funds & Contributions For Specific Purposes - Capital | 8582469 |

പ്രസ്തുത തുക ലയബിലിറ്റിയായി ഇപ്പോഴും അവശേഷിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/11.04.2022) മറുപടി ലഭിച്ചില്ല. പ്രോജക്ട് നടപ്പാക്കാൻ കഴിയാത്തപക്ഷം തുക ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടയ്ക്കുകയോ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

കൂടാതെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Beneficiary Contribution ഇനത്തിൽ 334100/-രൂപ നിലനിൽക്കുന്നു. തുക ഏതൊക്കെ പ്രോജക്ടുകൾക്കുവേണ്ടി സമാഹരിച്ചതാണ്, എത്ര വീതം തുകയുണ്ട് എന്നീ വിവരങ്ങൾ അറിയിക്കേണ്ടതും പ്രോജക്ട് നടപ്പാക്കാൻ കഴിയാത്തപക്ഷം ഗുണഭോക്താക്കൾക്ക് തുക തിരികെ നൽകേണ്ടതുമാണ്. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

1.പ്രോജക്ട് നം.- S0045/21(ചെട്ടികാട് ആർ എച്ച് റ്റി സി മരുന്ന് വാങ്ങൽ പദ്ധതി)

ചെലവ് -7,00,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബിൽ നം.-2-20/21,20/05/20, 3,00,000/-

2.പ്രോജക്ട് നം.- S0024/21 (സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി)

ചെലവ് -7,27,125/-(വികസന ഫണ്ട്)

ബിൽ നം.-3-20/21,25/05/20, 400634/-

മെഡിക്കൽ ഓഫീസർ (ഗവൺമെന്റ് ഹോസ്പിറ്റൽ, ചെട്ടികാട്) നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി 7,00,634/-രൂപ മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയെങ്കിലും ക്രമ നമ്പർ 1 പ്രകാരമുള്ള പദ്ധതി അനുസരിച്ച് ചെലവഴിച്ച തുകയിൽ 300000/-രൂപയുടേയും, ക്രമ നമ്പർ 2 പ്രകാരമുള്ള പദ്ധതി അനുസരിച്ച് ചെലവഴിച്ച തുകയിൽ 400000/-രൂപയുടേയും ഉൾപ്പെടെ ആകെ 700000/-രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം

ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി (നം.12/20-21 തീയതി 18.04.22) ക്ക് മറുപടി ലഭ്യമായില്ല. ലഭിക്കുവാനുള്ള മരുന്നിന്റെ വിലയായ 7,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 39752/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.S0001/21 ഐ.കെ.എം.പ്രവർത്തനഫണ്ട്

അടങ്കൽ -39752/- (വികസനഫണ്ട്-പൊതുവിഭാഗം)

ചെലവ്-39752/- ബിൽ നം. 10/23.07.2020

സെക്രട്ടറി നടപ്പാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം ഇൻഫർമേഷൻ കേരളാ മിഷന് 39752/- രൂപ പ്രവർത്തനഫണ്ട് കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/18.04.22) മറുപടി ലഭിച്ചില്ല. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 39752/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ സബ്സിഡി തുക ലഭിച്ചില്ല

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ബ്ലോക്ക് പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം, നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി എന്നീ പ്രോജക്ടുകൾ പ്രകാരം സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് (യു.റ്റി.ആർ) നമ്പർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) പ്രോജക്ട് നം.S0008/21

നെൽകൃഷി വികസനം

25520 -വികസന ഫണ്ട്

395862- ധനകാര്യകമ്മീഷൻ അവാർഡ്

ആകെ അടങ്കൽ-421382/-

ചെലവ്- 395862/-(ബിൽനം.5/14.10.2020)

| ഗുണഭോക്താവിന്റെ പേര് | ബിൽ റഫറൻസ് നമ്പർ | തുക |
|---|---|---|
| രേവമ്മ | 20060163015700607699 | 2380 |

(ബി) പ്രോജക്ട് നം.71/21 പച്ചക്കറി കൃഷി വികസനം (Spill Over)

അടങ്കൽ - വികസന ഫണ്ട്- 294180/-

ചെലവ്- 285600/-

1.ബിൽ നം.1/11.05.2020-61200/-

2. ബിൽ നം. 9/27.03.2021-156400/-

3.ബിൽ നം. 10/27.03.2021-34000/-

4.ബിൽ നം. 1/27.03.2021-34000/-

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബിൽ റഫറൻസ് നമ്പർ | തുക |
|---|---|---|---|
| 1 | ബിസ്മി കൃഷിദീപം ജെ.എൽ.ജി. | 20060163015701377131 | 3400 |
| 2 | ജീവനം ജെ.എൽ.ജി. | | 3400 |
| 3 | ജെ.എൽ.ജി. സമ്പൽസമൃദ്ധി | | 3400 |
| 4. | മന്ദാരം ജെ.എൽ.ജി. | | 3400 |
| 5 | പഞ്ചമി ജെ.എൽ.ജി. | | 3400 |
| 6 | പവിഴം ജെ.എൽ.ജി. | | 3400 |
| 7 | കൃഷിദീപം ജെ.എൽ.ജി. | 20060163015701377141 | 3060 |
| | ആകെ | | 23460 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/18.04.22) മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി തുക ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭിക്കാനാവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 എസ്.ടി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അർഹതാരേഖ ഹാജരാക്കിയില്ല

പ്രോജക്ട് നം. 32/21എസ്.ടി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ - 150000 (വികസനഫണ്ട് ടി.എസ്.പി.)

ചെലവ് -110000/-

സെക്രട്ടറി നടപ്പാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം 5 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | നൽകിയ തുക/ബിൽ നം./തീയതി | റിമാർക്സ് |
|---|---|---|---|
| 1 | ആതിരാ മനോജ് | 20000/-ബിൽ നം.23/19.01.2021 | ഗുണഭോക്താവ് വസിക്കുന്ന ഗ്രാമപഞ്ചായത്തിൽ നിന്നും വിദ്യഭ്യാസ സ്കോളർഷിപ്പിനുള്ള ആനുകൂല്യം സ്വീകരിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ് അപേക്ഷ യോടൊപ്പം ഹാജരാക്കിയിട്ടില്ല. |
| 2 | വൃന്ദാമോൾ കെ.ജെ. | 20000/- ബിൽ നം.23/19.01.2021 | |

പ്രസ്തുത രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/18.04.22) മറുപടി ലഭിച്ചില്ല. അതിനാൽ 40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 പരസ്യചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ.(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ വൗച്ചർ പരിശോധിച്ചതിൽ അർഹമായ ഡിസ്കൗണ്ട് ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പത്രം | ബിൽ നം. | തീയതി | റേറ്റ് | ബിൽ തുക | അർഹമായ ഡിസ്കൗണ്ട് |
|---|---|---|---|---|---|---|
| 1 | കേരള കൌമുദി | BLALP00067615 | 01/01/2020 | 191 | 4584 | 688 |
| 2 | | BLALP00068337 | 12/03/2020 | 191 | 4584 | 688 |
| 3 | | BLALP00068756 | 09/06/2020 | 191 | 4584 | 688 |
| 4 | | BLALP00068867 | 24/06/2020 | 191 | 4584 | 688 |
| 5 | | BLALP00069331 | 12/08/2020 | 191 | 4584 | 688 |
| 6 | | BLALP00069218 | 18/08/2020 | 191 | 4584 | 688 |
| 7 | | BLALP00069547 | 19/09/2020 | 191 | 4584 | 688 |
| | | | | | അകെ | 4816 |

4816/- രൂപ ഡിസ്കൗണ്ട് പ്രസ്തുത ബില്ലുകൾക്കും ലഭിക്കേണ്ടതായിരുന്നു. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്യതും, ബ്ലോക്ക് പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ചു നൽകുകയും ചെയ്യത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം.11/18.04.2022). സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ആവശ്യപ്പെടാത്തതു മൂലം ഉണ്ടായ നഷ്ടം 4816/- രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-21 സമുദ്ര ഉൾനാടൻ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പും പഠനോപകരണങ്ങളും- ലാപ്ടോപ്പുകൾക്ക് അധിക വില നൽകി

പ്രോജക്ട് നം. S0091/21

സമുദ്ര ഉൾനാടൻ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പും പഠനോപകരണങ്ങളും (Spill Over)-

നിർവ്വഹണം- അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ

അടങ്കൽ - 600080 (വികസനഫണ്ട്)

ചെലവ് വിവരം

| ക്രമ നം. | തുക | ബിൽ നം./തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| 1 | 320530/- | 2/27.08.2020 | കേരളാ സ്റ്റേറ്റ് ഐ.ടി.മിഷൻ |
| 2 | 63910/- | 7/27.03.2021 | |
| 3 | 109993/- | 8/27.03.2021 | സിഡ്കോ |

| | | | |
|---|---|---|---|
| ആകെ | 494433 | | |

മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പും പഠനോപകരണങ്ങളും വിതരണം നടത്തുന്നതായിരുന്ന പ്രോജക്ട്. ഇതിനായി കെൽട്രോണിൽ നിന്ന് 14 ലാപ്ടോപ്പും സിഡ്കോയിൽ നിന്ന് മേശയും കസേരയും (22 എണ്ണം വീതം) വാങ്ങിയതിന് പ്രസ്തുത ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) കെൽട്രോണിന്റെ 26.03.2020 ലെ TVM/ITBG/PI/RC/17980/19-20 നമ്പർ ഇൻവോയ്സ് പ്രകാരം 14 ലാപ്ടോപ്പുകൾക്ക് 22895/- രൂപ നിരക്കിൽ ആകെ വിലയായ 320530/- രൂപ 27.08.2020 ൽ കെൽട്രോണിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത ഇൻവോയ്സിന് 31.08.2020 വരെ സാധുതയുണ്ട്. കെൽട്രോൺ അധിക തുക ആവശ്യപ്പെട്ട രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. എന്നാൽ ഒരു ലാപ്ടോപ്പിന് 27460/- രൂപ നിരക്കിൽ 384440/- രൂപ കെൽട്രോണിന് നൽകി. ഇപ്രകാരം 63910/- രൂപ അധികം നൽകാനുള്ള കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. 63910/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ബി) ശ്രീജ കെ (D/O പ്രതാപൻ, ഉശത്ത്, അവലൂക്കുന്ന് പി.ഒ, ആര്യാട് ഗ്രാമപഞ്ചായത്ത്) എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയ 07.06.2019 ലെ കോഴ്സ് സർട്ടിഫിക്കറ്റിൽ പഠന കാലയളവ് 07.09.2016 മുതൽ 29.03.2019 വരെ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ഗുണഭോക്താവിന് 2020-21 വർഷം ലാപ്ടോപ്പ് നൽകാൻ അർഹതയുണ്ടോ എന്ന് വ്യക്തമല്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ലാപ്ടോപ്പിന്റെ വില 27460/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 ചെലവ് രേഖകൾ ഹാജരാക്കിയില്ല- 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. 49/21

ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ 2020-21 വർഷം നടപ്പാക്കിയ വയോജന സൗഹൃദക്കൂട്ടം എന്ന പ്രോജക്റ്റിനായി വികസന ഫണ്ട് 700000/- രൂപയും (ബിൽ നം.1/27.09.2020) ഗ്രാമപഞ്ചായത്ത് വിഹിതം 200000/- രൂപയും ഉൾപ്പടെ 900000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 200000/- രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

| ക്രമനമ്പർ | തുക | ബിൽ നമ്പർ | ഇനം |
|---|---|---|---|
| 1 | 64000 | 02/27.09.2021 | ഇക്കോഫ്രണ്ട്‌ലി ക്ലോത്ത് ബാഗ് |
| 2 | 117000 | 03/30.01.2021 | ആയുർധാര |
| 3 | 19000 | 04/30.01.2021 | ട്രാൻസ്പോർട്ടേഷൻ ചാർജ് |
| ആകെ | 200000 | | |

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/16.04.22) മറുപടി ലഭിച്ചില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം-രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം. S0056/21 (ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം)spill Over

അടങ്കൽ - 3,00,000/- വികസന ഫണ്ട്

ചെലവ് - 3,00,000/- ബിൽ നം. 8/20-21, 22.04.20, 3,00,000/-

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ 5 പേരിൽ കുറയാത്ത സ്ത്രീകൾ ഉൾപ്പെടുന്ന ഒരു ഗ്രൂപ്പിന് അവർ ഹാജരാക്കുന്ന സ്ഥിര മൂലധനം വാങ്ങുന്നതിന്റെ ക്വട്ടേഷൻ പ്രകാരമുള്ള തുകയുടെ 85% സബ്സിഡിയായി നൽകുന്നതാണ് പ്രോജക്ട്. ബിസ്മി ഫുഡ് ആന്റ് സേഫ്റ്റി യൂണിറ്റ്, മണ്ണഞ്ചേരി എന്ന ഗ്രൂപ്പ് 398650/-രൂപയുടെള്ള മെഷനറികൾ ബാങ്ക് ലോൺ കിട്ടുന്ന മുറയ്ക്ക് വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ബി.കെ എഞ്ചിനീയേഴ്സ്, ആലുവയിൽ നിന്ന് ഹാജരാക്കിയതായി വ്യവസായ വികസന ഓഫീസറുടെ നടപടിക്രമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(സ.ഉ(കൈ)നം.22/2018/തസ്വഭവ, ഖണ്ഡിക 6.4) പ്രകാരം സ്വയം തൊഴിൽ ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞശേഷമുള്ള ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പ്, സംരംഭം ഒറ്റ യൂണിറ്റായി നടത്തുകയും സാമ്പത്തിക ഇടപാടുകൾ, ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കേണ്ടതുമാണ്. എന്നാൽ ഈ സ്ഥാപനം മേൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. കൂടാതെ ഗ്രൂപ്പിന്റെ ബാങ്ക് പാസ്ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഗ്രൂപ്പിന്റെ നിലവിലെ ആസ്തിയുടെ വിവരവും അറിയിക്കേണ്ടതാണ്. ബാങ്ക് സ്റ്റേറ്റ്മെന്റും ക്യാഷ് ബുക്കും ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കാമെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് എൻക്വയറി (നം-4/16.4.22) ക്ക് മറുപടിയായി അറിയിച്ചിട്ടുള്ളത്.

2.പ്രോജക്ട് നം. S0070/21 (കയർ ഗ്രൂപ്പുകൾക്ക് സഹായം) Spill Over

അടങ്കൽ - 4,80,000/- വികസന ഫണ്ട്

ചെലവ് - 4,80,000/-

ബിൽ നം. 4/20-21, 22.04.20,1,80,000/-

ബിൽ നം. 5/20-21, 22.04.20,1,50,000/-

ബിൽ നം. 6/20-21, 22.04.20,1,50,000/-

കയർ ഗ്രൂപ്പുകൾക്ക് ധനസഹായം എന്ന പ്രോജക്ട് പ്രകാരം ഈ മേഖലയുമായി ബന്ധപ്പെട്ട 16 ഗ്രൂപ്പുകൾക്ക് 30,000/-രൂപ വീതം ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.

(എ) ബിൽ നം. 4 പ്രകാരം സഹായം നല്കിയ കൈരളി കയർ റാട്ട് യൂണിറ്റ് അംഗമായ (ഭാസുര) 60 വയസ്സിന് മുകളിൽ പ്രായമുള്ളതായി കാണുന്നു. (ആധാർ പ്രകാരം-DOB- 08.05.1955)

(ബി) ബിൽ നം. 5 പ്രകാരം സഹായം നല്കിയ ശ്രീലക്ഷ്മി കയർ യൂണിറ്റ് പ്രവർത്തിക്കുന്ന മണ്ണഞ്ചരി ഗ്രാമ

പഞ്ചായത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

(സി) ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ എല്ലാ ഗ്രൂപ്പുകളെയും അതാത് ഗ്രാമസഭയിൽ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

(ഡി) ഗ്രൂപ്പുകളുടെ ബാങ്ക് പാസ്ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഗ്രൂപ്പുകളുടെ നിലവിലെ ആസ്തിയുടെ വിവരവും അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/16.04.22) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിരിക്കുന്നത് പരാമർശിച്ചിട്ടുള്ള രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കാമെന്നാണ്. ആനുകൂല്യം നൽകിയിട്ടുള്ള കയർ പിരി യൂണിറ്റുകളെ ഗ്രാമസഭയിൽ അംഗീകരിച്ചതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.

## 1-24 എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി

ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/$m^3$ (സ്പെസിഫിക്കേഷൻ കോഡ്-11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 259.29/$m^3$ (MoRDസ്പെസിഫിക്കേഷൻ കോഡ്-3.5.1 അല്ലെങ്കിൽ CPWD സ്പെസിഫിക്കേഷൻ കോഡ്- 2.8.1) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ | കരാറുകാരൻ | അനുദിച്ച തുക/അളവു പുസ്തകം | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|
| 1 | 53/20, ഇ.എസ്.ഐ- വില്ലേജ് ഓഫീസ് തോടിന് സംരക്ഷണ ഭിത്തിയും കവർസ്ലാബ് നിർമ്മാണവും | ജിതേന്ദ് കെ.ആർ | 17.2$m^3$ @553/m3 =9512 12/19-20 | 17.2$m^3$ @259.29 =4460 | 5052/- | ബിൽ നം. 23/22-04-20, 449970/- |
| 2 | 62/21 ഡി.സി.മിൽസ് വില്ലേജ് ഓഫീസ് റോഡ് കാന നിർമ്മാണം | ജിതേന്ദ് കെ.ആർ | 17.37$m^3$ @553.10 =9607/- 13/19-20 | 17.37$m^3$ @259.29 = 4504/- | 5103 | ബിൽ നം. 6/22-4-20, 480000/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (7/16.4.22) ലഭ്യമാക്കിയ മറുപടിയിൽ 21.6.2019 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ 1446/2019 നമ്പർ നിർദ്ദേശ പ്രകാരമാണ് മേൽ പരാമർശിച്ചിട്ടുള്ള സ്പെസിഫിക്കേഷനനുസരിച്ചുള്ള ഉയർന്ന നിരക്ക് അനുവദിച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മറ്റ് പല കാന നിർമ്മാണ പ്രവൃത്തികളിലും MoRD സ്പെസിഫിക്കേഷൻ കോഡ്-3.5.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. (ഉദാഹരണം-1.പ്രോജക്ട് 104/21, ഗ്രാമീണ വായനശാല വീ-വൺ ഹോസ്പിറ്റൽ തോട് പാർശ്വഭിത്തി കെട്ടി സംരക്ഷണം, 2. 102/21, ഇലവൺ സ്റ്റാർ കണിയാം തോട് കാന നിർമ്മാണം. 3. 101/21, കുന്നപ്പള്ളി-ഊമ്പ് കാന നിർമ്മാണം). എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശത്തിലെ അപാകത ശ്രദ്ധയിൽപ്പെടുത്തേണ്ടതും അധിക ചെലവിനിടയാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്

ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടുണ്ടെങ്കിലും 250/-രൂപ നിരക്കിൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. 18% ജി.എസ്.ടി ഉൾപ്പെടെ 281/-രൂപ നിരക്കിൽ ഈടാക്കാതിരുന്നത് മൂലം നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 250/-രൂപ നിരക്കിൽ ഈടാക്കിയ തുക | 18% @ 43/ബാരൽ നിരക്കിൽ ഈടാക്കേണ്ട ജി.എസ്.ടി | ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|---|
| 1 | 92/21 വ്യാസപുരം | പി.എൻ ദാസൻ | വികസന | 19 ബാരൽ | 4750/- | 817 | 11/25.5.20 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ജംഗ്ഷൻ എസ്.എൻ കോർണർ റോഡ് മെറ്റലിംഗ് ടാറിംഗ് | | ഫണ്ട് ജനറൽ | | | | 574416/- |
| 2 | 10/21 കൊച്ചനാകുളങ്ങര തട്ടുത്തുവെളി റോഡ് ടാറിംഗ് രണ്ടാം ഘട്ടം | ബൈജു.കെ.കെ | വികസന ഫണ്ട് ജനറൽ | 13 ബാരൽ | ജി.എസ്.ടി ഉൾപ്പെടെ ഈടാക്കിയ തുക- 3835 | | 17/ 23.9.20 493384/- |
| 3 | 9/21 പെട്രോൾ പമ്പ് എഴുകുളം റോഡ് ടാറിംഗ് | പി.എസ്. അമ്പികേശൻ | വികസന ഫണ്ട് ജനറൽ | 14ബാരൽ | ജി.എസ്.ടി ഉൾപ്പെടെ ഈടാക്കിയ തുക- 3540 406 | | 18/21.10.20 495973/- |
| 4 | 76/21 ഉഴുത്തുവേലി മാണിപിള്ള റോഡ് മെറ്റലിംഗ് & ടാറിംഗ് | കെ.കെ.ശശി | വികസന ഫണ്ട് ജനറൽ | 13ബാരൽ | 3250 | 774 | 20/11.1.21 499316 |
| 5 | 113/20(66/21) കൊച്ചനാകുളങ്ങര തട്ടുത്തുവെളി റോഡ് മെറ്റലിംഗ്&ടാറിംഗ് | ബൈജു.കെ.കെ | വികസന ഫണ്ട് ജനറൽ | 9 ബാരൽ | 2250 | 387 | 5/22.4.21 449221/- |
| | ആകെ | | | | | 2384 | |

മേൽ സൂചിപ്പിച്ചവിധം ഈടാക്കിയ തുക സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. കൂടാതെ ക്രമ നമ്പർ 3-ൽ പറഞ്ഞിട്ടുള്ള 3540/-രൂപ ബില്ലിൽ കുറവ് ചെയ്ത് മാറിയതിനാൽ ജി.എസ്.ടിയിനത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കേണ്ട തുക നഷ്ടമായതായി കാണുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/16.4.22) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1,4 എന്നിവ പ്രകാരമുള്ള പ്രവൃത്തിയിൽ കാലി വീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം ജി.എസ്.ടിയിനത്തിൽ നഷ്ടം സംഭവിച്ച 2384/-രൂപയും ക്രമ നമ്പർ 2, 3 എന്നിവയിൽ ജി.എസ്.ടിയിനത്തിൽ ഈടാക്കിയതിൽ കുറവു വന്ന തുകയും കണക്കാക്കി ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. അതുപോലെ ബാരൽ വിലയിനത്തിൽ തുക ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി അതത് ഫണ്ടുകളിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-26 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല

ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെപറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2112-1, 2016-1 എന്നിവ പ്രകാരം ഫൈൻ ഈടാക്കിയിട്ടില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകുന്നതിന് കരാറുകാരൻ ആവശ്യപ്പെടുകയോ അപ്രകാരം അനുവദിച്ച നൽകുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് | കരാറുകാരൻ/ പി.എ.സി | എഗ്രിമെന്റ് തീയതി, കാലയളവ് | എഗ്രിമെന്റ് പ്രകാരം പൂർത്തി യാക്കേണ്ട തിയതി | പൂർത്തി യാക്കിയ തിയതി | കാലതാമസം/ ഈടാക്കേണ്ട ഫൈൻ | | ബിൽ നമ്പർ |
|---|---|---|---|---|---|---|---|---|
| 1 | 105/20 (64/21) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് അറ്റകുറ്റപ്പണികൾ | ജിതേന്ദ് കെ.ആർ 163120/- | 18.12.2019 6മാസം | 17.6.20 | 18.12.20 | 6 മാസം (18.6.20 മുതൽ 17.9.20 വരെ) 1% | 1631 | 7/22.4.20 168648/- |
| | | | | | | (18.9.20മുതൽ 17.12.20 | 3262 | |

| | | | | |
|---|---|---|---|---|
| | | വരെ2% | | |
| | ആകെ | | 4893 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/16.4.22) ലഭ്യമാക്കിയ മറുപടിയിൽ ഫൈൻ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഫൈൻ ഇനത്തിൽ കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 ഡി.സി.മിൽസ് വില്ലേജ് ഓഫീസ് റോഡ് കാന നിർമ്മാണം-അപാകതകൾ

പ്രോജക്ട് നമ്പർ- 62/21

കരാറുകാരൻ- ജിതേന്ദ് കെ.ആർ

അടങ്കൽ- 489229/- (480000-വികസന ഫണ്ട് ജനറൽ, 9229/-തനത് ഫണ്ട്.

ബിൽ നമ്പർ 23/9.3.21- 480000, -ചെക്ക് നമ്പർ 2967928/27.4.20)- 10771/-

അളവ് പുസ്തകം-13/19-20

ഈ പ്രവൃത്തിയുടെ ഒന്നാമിനമായി എർത്ത് വർക്ക് എസ്കവേഷൻ താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

1x20x1.65x0.30

1x15.1x1.65x0.30

കൂടാതെ രണ്ടാമിനമായി 1:3:6അനുപാതത്തിൽ പി.സി.സി 8.72m$^3$ താഴെ പറയുന്ന അളവിൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

1x20x1.65x0.15 =4.95

1x15.1x1.65x0.15 = 3.74 ആകെ 8.69m$^3$ എന്നത് 8.72m$^3$ എന്നാണ് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

കൂടാതെ അളവ് പുസ്തകം പുറം 11 പ്രകാരം Name Board As Per Bill എന്ന് രേഖപ്പെടുത്തി 3000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ 16.4.2022, 3.30പി.എമ്മിന് ബ്ലോക്ക് പഞ്ചായത്തിലെ ഗ്രേഡ്II ഓവർസീയർ ശ്രീമതി.ബിന്ദു.കെ.ആർ-നോടൊപ്പം സ്ഥല പരിശോധന നടത്തിയതിൽ നെയിം ബോർഡ് സ്ഥാപിച്ചിട്ടില്ലായെന്നും രണ്ടാമിനം പ്രവൃത്തി 1 മീറ്റർ 52.5 സെന്റീമീറ്റർ വീതിയിൽ മാത്രമാണ് ചെയ്തിട്ടുള്ള തെന്നും ബോധ്യപ്പെട്ടു. കൂടാതെ സ്ഥാപിച്ചിട്ടില്ലാത്ത നെയിം ബോർഡിനും മൂല്യ നിർണ്ണയം നടത്തിയതുമൂലം അധിക ചെലവുണ്ടായിട്ടുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് എൻക്വയറി (15/18.4.22) നൽകിയതിനെതുടർന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവിൽ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ടെന്ന് കരാറുകാരൻ അവകാശപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ കൂടി സാന്നിധ്യത്തിൽ 19.4.22 ന് 4.30 മണിക്ക് വീണ്ടും പരിശോധന നടത്തിയതിൽ ആദ്യ പരിശോധനയിൽ ബോധ്യപ്പെട്ട അതേ അളവിൽ തന്നെയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | അളവ് പുസ്തക പ്രകാരം ചെയ്തതായി രേഖപ്പെടുത്തിയ അളവ് | യഥാർത്ഥത്തിൽ ചെയ്ത അളവ് | മൂല്യനിർണ്ണയം നടത്തിയ അളവ് | മൂല്യനിർണ്ണയം നടത്താവുന്ന അളവ് | അധികം | ബിൽ നമ്പർ |
|---|---|---|---|---|---|---|
| 1:3:6 അനുപാതത്തിൽ പി.സി.സി | 1x20x1.65x0.15 =4.95 | 1x20x1.525x0.15 =4.575 | 8.72m$^3$ X7609/m$^3$ =66350 | 8.029m$^3$ X 7609/m$^3$ =61093 | 5257 | 6/22.4.2020, 480000 ചെക്ക് നമ്പർ 2967928/ 27.4.2020, 10771 |
| | 1x15.1x1.65x0.15 = 3.77 | 1x15.1x1.525x0.15 = 3.454 | | | | |
| ആകെ | 8.72m$^3$ | 8.029m$^3$ | 66350 | 61093 | 5257 | |
| | | ജി.എസ്.ടി 12% | 7962 | 7331 | 631 | |
| | | ആകെ | 74312 | 68424 | 5888 | |

പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളതിന് പുറമേ പദ്ധതി സ്ഥലത്ത് സ്ഥാപിച്ചിട്ടില്ലാത്ത നെയിം ബോർഡിന് 3000/-രൂപ മൂല്യ നിർണ്ണയം നടത്തി നൽകിയതുമൂലം ആകെ അധികം നൽകിയ (5888+3000), 8888/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/18.4.22) മറുപടി ലഭ്യമാക്കിയില്ല.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ വാടക ഈടാക്കിയില്ല

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ Rural Self Employment Training Institutes (RSETI) നടത്തുന്നതിന് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ (ബിൽഡിംഗ് നം.XXII/575 & XXII/572) എസ്.ബി.റ്റി. യ്ക്ക് വാടകയ്ക്ക് നല്കിയിട്ടുണ്ട്. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ആലപ്പുഴ RSETI, എസ്.ബി.റ്റി ഡയറക്ടറും ചേർന്ന് 08.02.2010 ൽ ഏർപ്പെട്ട കരാർ പ്രകാരം പ്രതിമാസം 3500/-രൂപ നിരക്കിൽ വാടക നിശ്ചയിച്ചിട്ടുള്ളതാണ്. കരാർ ഖണ്ഡിക നം. 2 പ്രകാരം, ടി കെട്ടിടങ്ങളുടെ വാടക കരാർ 5 വർഷം പൂർത്തിയാകുന്നതിന് 3 മാസം മുമ്പ് (09.11.2014 ന്) 20% വർദ്ധനവ് വരുത്തി പുതുക്കേണ്ടതാണ്. 12.08.2015 ലെ 02-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 08.02.2015 മുതൽ 08.01.2016 വരെ 11 മാസത്തേയ്ക്ക് 4200/- രൂപ വാടക പുതുക്കി നിശ്ചയിച്ചതായും വാടക കെട്ടിടത്തിലെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് ,അറ്റകുറ്റപ്പണി എന്നിവ സ്ഥാപനം വഹിക്കണമെന്നും തീരുമാനിച്ചതായി കാണുന്നു.

എസ്.ബി.റ്റി യുടെ 07.11.2017-ലെ SBT RSETI/ALP/63-ാം നമ്പർ കത്ത് പ്രകാരം 08.02.2015 മുതൽ വാടക കരാർ 5 വർഷത്തേയ്ക്ക് പുതുക്കി നൽകണമെന്നും 08.02.2015 മുതൽ വർദ്ധനവ് പ്രകാരമുള്ള വാടക കുടിശ്ശിക അടയ്ക്കാമെന്നും സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ 07.02.2020 വരെ കെട്ടിടങ്ങളുടെ കരാർ കാലാവധി മുൻകാല പ്രാബല്യത്തോടെ പുതുക്കുന്നതിനും 08.02.15 മുതൽ വാടക ഒരു വർഷത്തേക്ക് 4200/- രൂപയും തുടർന്നുള്ള വർഷങ്ങളിൽ 10% കൂട്ടിയുള്ള തുക വർദ്ധിപ്പിച്ച് നൽകേണ്ടതാണെന്നും 17.11.17 ലെ ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച വിവരം SBT യെ അറിയിച്ചിട്ടുള്ളതാണെങ്കിലും സ്ഥാപനം വാർഷിക വർദ്ധനവ് പ്രകാരമുള്ള തുക നൽകുന്നതിന് ബുദ്ധിമുട്ട് അറിയിച്ചതിനെ തുടർന്ന് 04.06.2018 -ലെ 3-ാം നമ്പർ തീരുമാനം പ്രകാരം 08.02.2015 മുതൽ പ്രതിമാസം 7000/- രൂപ വാടക ഇനത്തിൽ നൽകേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനത്തിനനുസൃതമായി സ്ഥാപനം കുടിശ്ശിക തുക നൽകിയിട്ടില്ല.

RSETI ഡയറക്ടറും ആര്യാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായുള്ള 08.02.2020 ലെ കരാർ പ്രകാരം 08.02.2015 മുതൽ 07.02.2020 വരെയുള്ള 5 വർഷ കാലയളവിലേക്ക് പ്രതിമാസം 20% വർദ്ധനവിൽ 4200 രൂപ ആക്കി നിശ്ചയിച്ചും കരാർ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് 01/20 വരെയുള്ള വാടക ലഭിച്ചിട്ടുണ്ട്. 07.07.2020ലെ 2(3) തീരുമാനം കരാർ കാലാവധി 08.02.2020 ൽ അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ മറ്റ് കരാർ വ്യവസ്ഥകൾക്ക് മാറ്റമില്ലാതെ പ്രതിമാസം 7000/-രൂപ നിരക്കിൽ വാടക പുനർ നിശ്ചയിച്ച് തീരുമാനിച്ചു. കുടിശ്ശിക ഉൾപ്പടെ പുതുക്കിയ നിരക്കിലുള്ള വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശിച്ച് തീരുമാനിച്ചിരുന്നെങ്കിലും നാളിതുവരെ കുടിശിക ലഭിച്ചിട്ടില്ല.

08.02.2020 മുതൽ നാളിതുവരെയുള്ള കുടിശിക അടയ്ക്കുന്നതിനും കരാർ പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും RSETI ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നല്ലാതെ (08.11.2021ലെ ഇ1542/19 നം.കത്ത്) തുടർ നടപടിയൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

2019-20 വർഷത്തെ വാർഷിക കണക്കിൽ B-15 ൽ 8200/- രൂപ വാടക കുടിശിക ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2020-21 വർഷം വാടക ലഭിക്കാതിരുന്നിട്ടും തൻവർഷത്തെ കുടിശിക B-15 ൽ ഉൾപ്പെടുത്താതെ മുൻവർഷം ലഭിക്കാനുണ്ടായിരുന്ന 8200/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നാളിതുവരെയുള്ള വാടക കുടിശ്ശിക കണക്കാക്കി പിഴ പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പരസ്യചാർജ്ജിനത്തിൽ ഡിസ്കൌണ്ട് ലഭ്യമാക്കിയില്ല

സഉ(അച്ചടി)നം.2/2020 ഐ & പി. ആർ. ഡി തീയതി.10/12/2020 പ്രകാരം മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ദിനപത്രങ്ങളിൽ നിന്നും 15% ഡിസ്കൌണ്ട് ഈടാക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ.(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ വൌച്ചർ പരിശോധിച്ചതിൽ അർഹമായ ഡിസ്കൌണ്ട് ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പത്രം | ബിൽ നം. | തീയതി | റേറ്റ് | ബിൽ തുക | അർഹമായ ഡിസ്കൌണ്ട് |
|---|---|---|---|---|---|---|
| 1 | കേരള കൌമുദി | BLALP00067615 | 01/01/2020 | 191 | 4584 | 688 |
| 2 | | BLALP00068337 | 12/03/2020 | 191 | 4584 | 688 |
| 3 | | BLALP00068756 | 09/06/2020 | 191 | 4584 | 688 |
| 4 | | BLALP00068867 | 24/06/2020 | 191 | 4584 | 688 |
| 5 | | BLALP00069331 | 12/08/2020 | 191 | 4584 | 688 |
| 6 | | BLALP00069218 | 18/08/2020 | 191 | 4584 | 688 |
| 7 | | BLALP00069547 | 19/09/2020 | 191 | 4584 | 688 |
| | | | | | അകെ | 4816 |

4816/- രൂപ ഡിസ്കൌണ്ട് പ്രസ്തുത ബില്ലുകൾക്കും ലഭിക്കേണ്ടതായിരുന്നു. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപരസ്യചാർജ്ജ് ഡിമാന്റ് ചെയ്യുതും, ബ്ലോക്ക് പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ച് നൽകുകയും ചെയ്യത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം. 11/18.04.2022). സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമാക്കാത്തതു മൂലം ഉണ്ടായ നഷ്ടം 4816/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-2 കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്

ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടുണ്ടെങ്കിലും 250/-രൂപ നിരക്കിൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. 18% ജി.എസ്.ടി ഉൾപ്പെടെ 281/-രൂപ നിരക്കിൽ ഈടാക്കാതിരുന്നത് മൂലം നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 250/-രൂപ നിരക്കിൽ ഈടാക്കിയ തുക | 18% @ 43/ബാരൽ നിരക്കിൽ ഈടാക്കേണ്ട ജി.എസ്.ടി | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| 1 | 92/21 വ്യാസപുരം ജംഗ്ഷൻ എസ്.എൻ കോർണർ റോഡ് മെറ്റലിംഗ് ടാറിംഗ് | പി.എൻ ദാസൻ | വികസന ഫണ്ട് ജനറൽ | 19 ബാരൽ | 4750/- | 817 | 11/25.5.20 574416/- |
| 2 | 10/21 കൊച്ചനാകുളങ്ങര തട്ടുത്തുവെളി റോഡ് ടാറിംഗ് രണ്ടാം ഘട്ടം | ബൈജു.കെ.കെ | വികസന ഫണ്ട് ജനറൽ | 13 ബാരൽ | ജി.എസ്.ടി ഉൾപ്പെടെ ഈടാക്കിയ തുക- 3835 | | 17/ 23.9.20 493384/- |
| 3 | 9/21 പെട്രോൾ പമ്പ് എഴുകളം റോഡ് ടാറിംഗ് | പി.എസ്. അമ്പികേശൻ | വികസന ഫണ്ട് ജനറൽ | 14ബാരൽ | ജി.എസ്.ടി ഉൾപ്പെടെ ഈടാക്കിയ തുക- 3540 | 406 | 18/21.10.20 495973/- |
| 4 | 76/21 ഉഴുത്തുവേലി മാണിപിള്ള റോഡ് മെറ്റലിംഗ്& ടാറിംഗ് | കെ.കെ.ശശി | വികസന ഫണ്ട് ജനറൽ | 13ബാരൽ | 3250 | 774 | 20/11.1.21 499316 |
| 5 | 113/20 (66/21) കൊച്ചനാകുളങ്ങര തട്ടുത്തുവെളി റോഡ് മെറ്റലിംഗ്&ടാറിംഗ് | ബൈജു.കെ.കെ | വികസന ഫണ്ട് ജനറൽ | 9 ബാരൽ | 2250 | 387 | 5/22.4.21 449221/- |
| | ആകെ | | | | | 2384 | |

മേൽ സൂചിപ്പിച്ചവിധം ഈടാക്കിയ തുക സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. കൂടാതെ ക്രമ നമ്പർ 3-ൽ പറഞ്ഞിട്ടുള്ള 3540/-രൂപ ബില്ലിൽ കുറവ് ചെയ്ത് മാറിയതിനാൽ ജി.എസ്.ടിയിനത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാറുകൾക്ക് ലഭിക്കേണ്ട തുക നഷ്ടമായതായി കാണുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/16.4.22) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1,4 എന്നിവ പ്രകാരമുള്ള പ്രവൃത്തിയിൽ കാലി വീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം ജി.എസ്.ടിയിനത്തിൽ നഷ്ടം സംഭവിച്ച 2384/-രൂപയും ക്രമ നമ്പർ 2,3 എന്നിവയിൽ ജി.എസ്.ടിയിനത്തിൽ ഈടാക്കിയതിൽ കുറവു വന്ന തുകയും കണക്കാക്കി ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. അതുപോലെ ബാരൽ വിലയിനത്തിൽ തുക ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി അതത് ഫണ്ടുകളിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 3-3 ഡി.സി.മിൽസ് വില്ലേജ് ഓഫീസ് റോഡ് കാന നിർമ്മാണം-അപാകതകൾ

പ്രോജക്ട് നമ്പർ- 62/21

കരാറുകാരൻ- ജിതേന്ദ് കെ.ആർ

അടങ്കൽ- 489229/- (480000-വികസന ഫണ്ട് ജനറൽ, 9229/-തനത് ഫണ്ട്.

ബിൽ നമ്പർ 23/9.3.21- 480000, -ചെക്ക് നമ്പർ 2967928/27.4.20)- 10771/-

അളവ് പുസ്തകം-13/19-20

ഈ പ്രവൃത്തിയുടെ ഒന്നാമിനമായി എർത്ത് വർക്ക് എസ്കവേഷൻ താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

1x20x1.65x0.30

1x15.1x1.65x0.30

കൂടാതെ രണ്ടാമിനമായി 1:3:6അനുപാതത്തിൽ പി.സി.സി 8.72m$^3$ താഴെ പറയുന്ന അളവിൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

1x20x1.65x0.15 =4.95

1x15.1x1.65x0.15 = 3.74 ആകെ 8.69m$^3$ എന്ന് 8.72m$^3$ എന്നാണ് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

കൂടാതെ അളവ് പുസ്തകം പുറം 11 പ്രകാരം Name Board As Per Bill എന്നാ രേഖപ്പെടുത്തി 3000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ 16.4.2022, 3.30പി.എമ്മിന് ബ്ലോക്ക് പഞ്ചായത്തിലെ ഗ്രേഡ്II ഓവർസീയർ ശ്രീമതി.ബിന്ദു.കെ.ആർ-നോടൊപ്പം സ്ഥല പരിശോധന നടത്തിയതിൽ നെയിം ബോർഡ് സ്ഥാപിച്ചിട്ടില്ലായെന്നും രണ്ടാമിനം പ്രവൃത്തി 1മീറ്റർ 52.5 സെന്റീമീറ്റർ വീതിയിൽ മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ബോധ്യപ്പെട്ടു. കൂടാതെ സ്ഥാപിച്ചിട്ടില്ലാത്ത നെയിം ബോർഡിനും മൂല്യ നിർണ്ണയം നടത്തിയതുമൂലം അധിക ചെലവുണ്ടായിട്ടുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് എൻക്വയറി (15/18.4.22) നൽകിയതിനെതുടർന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവിൽ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ടെന്ന് കരാറുകാരൻ അവകാശപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ കൂടി സാന്നിധ്യത്തിൽ 19.4.22 ന് 4.30 മണിക്ക് വീണ്ടും പരിശോധന നടത്തിയതിൽ ആദ്യ പരിശോധനയിൽ ബോധ്യപ്പെട്ട അതേ അളവിൽ തന്നെയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | അളവ് പുസ്തക പ്രകാരം ചെയ്തതായി രേഖപ്പെടുത്തിയ അളവ് | യഥാർത്ഥത്തിൽ ചെയ്ത അളവ് | മൂല്യനിർണ്ണയം നടത്തിയ അളവ് | മൂല്യനിർണ്ണയം നടത്താവുന്ന അളവ് | അധികം | ബിൽ നമ്പർ |
|---|---|---|---|---|---|---|
| 1:3:6അനുപാതത്തിൽ പി.സി.സി | 1x20x1.65x0.15 =4.95 | 1x20x1.525x0.15 =4.575 | $8.72m^3$ X7609/$m^3$ =66350 | $8.029m^3$ X 7609/$m^3$ =61093 | 5257 | 6/22.4.2020, 480000 ചെക്ക് നമ്പർ 2967928/ 27.4.2020, 10771 |
| | 1x15.1x1.65x0.15 = 3.77 | 1x15.1x1.525x0.15 = 3.454 | | | | |
| ആകെ | $8.72m^3$ | $8.029m^3$ | 66350 | 61093 | 5257 | |
| | | ജി.എസ്.ടി 12% | 7962 | 7331 | 631 | |
| | | ആകെ | 74312 | 68424 | 5888 | |

പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളതിന് പുറമേ പദ്ധതി സ്ഥലത്ത് സ്ഥാപിച്ചിട്ടില്ലാത്ത നെയിം ബോർഡിന് 3000/-രൂപ മൂല്യ നിർണ്ണയം നടത്തി നൽകിയതുമൂലം ആകെ അധികം നൽകിയ (5888+3000), 8888/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/18.4.22) മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് | 2020-21 | 200000 | വയോജനസൗഹൃദക്കൂട്ടം | 200000 | 0 |
| | | 200000 | ആർദ്രമീ ആര്യാട് ജീവിതശൈലീ രോഗപ്രതിരോധപരിപാടി | 200000 | 0 |
| മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | | 197136 | ആർദ്രമീ ആര്യാട് ജീവിതശൈലീ രോഗപ്രതിരോധപരിപാടി | 197136 | 0 |
| മുഹമ്മ ഗ്രാമപഞ്ചായത്ത് | | 288738 | ആർദ്രമീ ആര്യാട് ജീവിതശൈലീ രോഗപ്രതിരോധപരിപാടി | 288738 | 0 |

| | | | | | |
|---|---|---|---|---|---|
| | | 16000 | മുഹമ്മ സി.എച്ച്.സി. സായാഹ്ന ഒ.പി.ഡോക്ടർക്ക് ഹോണറേറിയം | 16000 | 0 |
| ആര്യാട് ഗ്രാമപഞ്ചായത്ത് | | 194912 | ആർദ്രമീ ആര്യാട് ജീവിതശൈലീ രോഗപ്രതിരോധപരിപാടി | 194912 | 0 |
| ആകെ | | 1096786 | | 1096786 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.യിൽ തുക അടയ്ക്കൽ പ്രോജക്റ്റ് നം.131/20 | (1)ബിൽ നം .56 / 24.03.2020 തുക - 43339/- (2))ബിൽ നം. 57 / 24.03.2020 തുക - 23923/- | 67262 | 67262 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2004-05 | 2.3 | തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി പദ്ധതി വിഹിതം നഷ്ടം-കയർ കോമൺ ഫെസിലിറ്റി | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ ഓർഡിനേഷൻ കമ്മിറ്റിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | സെന്റർ | തീരുമാനപ്രകാരം അസാപ്പിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിനായി ടി കെട്ടിടം ലേലം ചെയ്ത് പൊളിച്ച് നീക്കി ടി സ്ഥലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് കെട്ടിടം നിർമ്മിച്ചിട്ടുള്ളതുമാണ്. |
| 2005-06 | 3.7 | 2008-09 | 3.5.10(a) | കുടുംബശ്രീ- വനിത എസ്.എച്ച്.ജി.കൾക്ക് തൊഴിൽ സംരംഭം തുടങ്ങുന്നതിനുള്ള ധനസഹായം | പ്രസ്തുത ഗ്രൂപ്പുകളിൽ പ്രവർത്തിച്ചിരുന്ന അംഗങ്ങൾ ഉപജീവനാർത്ഥം നിലവിൽ തൊഴിലുറപ്പ്/ മറ്റ് തൊഴിൽ സംരംഭങ്ങളിൽ ജോലി ചെയ്ത് വരുന്നു. |
| 2005-06 | 3.6 | 2008-09 | 3.5.10(b) | എസ്.സി.സ്വയംസഹായ സംഘത്തിന് റിവോൾവിംഗ് ഫണ്ട് | പ്രസ്തുത ഗ്രൂപ്പുകളിൽ പ്രവർത്തിച്ചിരുന്ന അംഗങ്ങൾ ഉപജീവനാർത്ഥം നിലവിൽ തൊഴിലുറപ്പ്/ മറ്റ് തൊഴിൽ സംരംഭങ്ങളിൽ ജോലി ചെയ്ത് വരുന്നു. |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55855299 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56750546 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13704 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1071122 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4816 | രജിത്ത്.ആർ, ബി.ഡി.ഒ. |
| 3-3 | 8888 | റെനി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 13704 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 700000 | ഡോ.രേഖ റേച്ചൽ ഫിലിപ്പ്, മെഡിക്കൽ ഓഫീസർ, ആർ.എച്ച്.ടി.സി ചെട്ടികാട് |
| 1-17 | 39752 | രജിത്ത്.ആർ, സെക്രട്ടറി. |
| 1-19 | 40000 | രജിത്ത്.ആർ, സെക്രട്ടറി. |
| 1-21(എ) | 63910 | ജൂലി ലൂക്ക്, കൃഷി അസി.ഡയറക്ടർ |
| 1-21(ബി) | 27460 | ജൂലി ലൂക്ക്, കൃഷി അസി.ഡയറക്ടർ |
| 1-22 | 200000 | ലിഷ സേവ്യർ, സി.ഡി.പി.ഒ |
| ആകെ | 1071122 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-25 | 2384 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-25

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.രേഖ റേച്ചൽ ഫിലിപ്പ്, മെഡിക്കൽ ഓഫീസർ, ആർ.എച്ച്.ടി.സി ചെട്ടികാട് | അസി.പ്രൊഫസർ,കമ്മ്യൂണിറ്റി മെഡിസിൻ,ഗവ.മെഡിക്കൽ കോളേജ്,കൊല്ലം | പായാട്ടുവിള,മംഗലത്ത് ബംഗ്ലാവ്, പള്ളിമുക്ക്,കുണ്ടറ, കൊല്ലം-691501 |
| രജിത്ത്.ആർ, സെക്രട്ടറി | സെക്രട്ടറി,ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | മുണ്ടകൻചിറ,തുക്കുന്നപ്പുഴ, ആലപ്പുഴ |
| ജൂലി ലൂക്ക്, കൃഷി അസി.ഡയറക്ടർ | കൃഷി അസി.ഡയറക്ടർ, ആലപ്പുഴ | ജോയൽവില്ല, മായിത്ര പി.ഒ, ചേർത്തല |
| ലിഷ സേവ്യർ, സി.ഡി.പി.ഒ | സി.ഡി.പി.ഒ, കൊച്ചിഅർബൻ2, മട്ടാഞ്ചേരി | തൈയ്യിൽ ഹൗസ്, അരൂർ |
| റെനി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഐ.യു, ആലപ്പുഴ | കടവുങ്കൽ, അർത്തുങ്കൽ പി.ഒ, ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജിഎ5/ബി.പി.അദാലത്ത് 26(86)/14, തീയതി31.03.2014 |
| 1998-99 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്26(87)/14 തീയതി 31.03.2014 |
| 1999-00 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്26(88)/14 തീയതി.31.03.14 |
| 2000-01 | എൽ.എഫ്.എ.ബി.പി./അദാലത്ത്26(89)/14 തീയതി. 31.03.14 |
| 2001-02 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(90)/14 തീയതി. 31.03.14 |
| 2002-03 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(91)/14 തീയതി. 31.03.14 |

| | |
|---|---|
| 2003-04 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(92)/14 തീയതി. 31.03.14 |
| 2004-05 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(93)/14 തീയതി. 31.03.14 |
| 2005-06 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(94)/14 തീയതി. 31.03.14 |
| 2006-07 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(95)/14 തീയതി. 31.03.14 |
| 2007-08 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(96)/14 തീയതി. 31.03.14 |
| 2008-09 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(97)/14 തീയതി. 31.03.14 |
| 2009-10 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(98)/14 തീയതി. 31.03.14 |
| 2010-11<br>&<br>2011-12 | എൽ.എഫ്.എ.ബി.പി 494/2013 തീയതി23.10.13 |
| 2012-13 | എൽ.എഫ്.എ.ബി.പി.437/2015 തീയതി 10.06.15 |
| 2013-14<br>&<br>2014-15 | കെ .എസ്.എ/എ.എൽ.പി.ബി.പി/1571/2015 തീയതി 15.12.15 |
| 2015-16 | കെ .എസ്.എ/എ.എൽ.പി.ബി.പി/211/2017/തീയതി 13.03.17/22.03.17 |
| 2016-17 | കെ .എസ്.എ/എ.എൽ.പി.ബി.പി/1451/17 തീയതി 01.12.17 |
| 2017-18 | കെ .എസ്.എ/എ.എൽ.പി.ബി.പി/150/19 തീയതി 07.02.19 |
| 2018-19 | കെ .എസ്.എ/എ.എൽ.പി.ബി.പി.791/ 2019 തീയതി 16.09.2019 |
| 2019-20 | കെ .എസ്.എ/എ.എൽ.പി.ബി.പി./430/22 തീയതി 19.05.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്